പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6991 13.07.2012 -ൽ മറുപടിക്ക്

## ഇ.എസ്.ഐ. അംഗത്വമുള്ള ജീവനക്കാർക്ക് ചികിത്സയ്ക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പമന്ത്രി) |
| (എ) ഇ.എസ്.ഐ. അംഗത്വമുള്ള തൊഴിലാളികൾക്ക് ചികിത്സയ്ക്കുവേണ്ടി നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇത്തരം തൊഴിലാളികൾക്ക് ലഭിക്കുന്ന ഇളവുകളും സാമ്പത്തിക സഹായങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) താഴെപ്പറയുന്ന ആനുകൂല്യങ്ങളാണ് നൽകിവരുന്നത്:<br>1. <u>വൈദ്യചികിത്സാനുകൂല്യം</u> - ഐ.പി.കൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി എന്നീ ചികിത്സാ സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ ഔട്ട്പേഷ്യന്റ് ചികിത്സയും ഇ.എസ്.ഐ. ആശുപത്രികളിൽ ഇൻപേഷ്യന്റ് ചികിത്സയും ലഭ്യമാണ്. ഇ.എസ്.ഐ, സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി നിരവധി ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്.<br><br>2. <u>രോഗാനുകൂല്യം</u> -രോഗം മൂലം ജോലിയ്ക്ക് ഹാജരാകുവാൻ കഴിയാത്ത അവസരങ്ങളിൽ ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ആനുകൂല്യം നൽകുന്നു.<br>3. <u>അവശത ആനുകൂല്യം</u> - തൊഴിലപകടമോ, തൊഴിൽജന്യരോഗമോ കൊണ്ടുള്ള താൽക്കാലികമോ, സ്ഥിരമോ ആയ അവശതയ്ക്ക് പരിഹാരം കാണാൻ നൽകുന്ന സാമ്പത്തിക സഹായം<br>4. <u>ആശ്രിതാനുകൂല്യം</u> - തൊഴിലപകടമോ, തൊഴിൽജന്യരോഗമോ മൂലം മരിക്കുന്ന ഐ.പികളുടെ ആശ്രിതർക്ക് നൽകുന്ന ആനുകൂല്യം<br>5. <u>പ്രസവാനുകൂല്യം</u> - ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുള്ള സ്ത്രീ തൊഴിലാളികൾക്ക് സാമ്പത്തിക ആനുകൂല്യം താഴെപ്പറയുന്ന കാലയളവിലേയ്ക്ക് നൽകുന്നു. |

(എ) പ്രസവം - 84 ദിവസം
(ബി) ഗർഭഛിദ്രം - 42 ദിവസം
(സി) ഗർഭം /
പ്രസവത്തോടനുബന്ധിച്ചുണ്ടാകുന്ന രോഗം - ഒരു മാസം വരെ

6. ശവസംസ്കാരത്തിനുള്ള ആനുകൂല്യം-
മരണപ്പെട്ട ഐ.പി.യുടെ ശവസംസ്കാര ചടങ്ങുകൾക്കായി സാമ്പത്തിക ആനുകൂല്യം നൽകി വരുന്നു. നിലവിൽ, ഇത് 5,000/- രൂപയാണ്.

ഇ.എസ്.ഐ. ഗുണഭോക്താക്കൾക്കായുള്ള ചികിത്സാനുകൂല്യം, സംസ്ഥാന സർക്കാർ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് മുഖേന നൽകി വരുന്നു.

പലതരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ അതാത് ഡിസ്പെൻസറികളിലെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാർ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസുകൾ മുഖേനയാണ് വിതരണം ചെയ്യുന്നത്.

(ബി)ഇ.എസ്.ഐ. അംഗത്വമുള്ള തൊഴിലാളികൾക്ക് ചികിത്സ കഴിഞ്ഞാൽ ചികിത്സാ ചെലവ് എത്ര നാളിനുള്ളിൽ റീഫണ്ട് ചെയ്തുകിട്ടും എന്ന് വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റിൽ നിന്നും ഫണ്ട് അനുവദിക്കുന്നമുറയ്ക്കാണ് ക്ലെയിമുകൾ പാസ്സാക്കി, തൊഴിലാളികൾക്ക്, പണം തിരികെ നൽകിവരുന്നത്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക്, ക്ലെയിമുകൾ മുൻഗണനാക്രമത്തിൽ പാസ്സാക്കിയാണ് പണം നൽകുന്നത്. ക്ലെയിമുകളുടെ എണ്ണം, തുക, ഫണ്ടിന്റെ ലഭ്യത എന്നിവയിൽ സ്ഥിരത നിലനിൽക്കാത്തതിനാൽ, ക്ലെയിം പാസ്സാക്കി നൽകുന്നതിനുള്ള കാലപരിധി മുൻകൂട്ടി നിശ്ചയിക്കുവാൻ കഴിയില്ല.

(സി)ചികിത്സയിൽ കഴിയുന്ന ഇ.എസ്.ഐ. ആനുകൂല്യമുള്ള തൊഴിലാളികൾക്ക് പേവാർഡിന് ഇളവ് ലഭിക്കുമോ എന്നും ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

(സി) ഇളവ് ലഭിയ്ക്കില്ല.

സെക്ഷൻ ഓഫീസർ